പതിനാലാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2019-2021)

## എട്ടാമത് റിപ്പോർട്ട്

(2019 ജൂലൈ മാസം 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**2017 ജനുവരി 1 മുതൽ 2018 ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി

**(2019-2021)**

## എട്ടാമത് റിപ്പോർട്ട്

(2019 ജൂലൈ മാസം 1 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

**2017 ജനുവരി 1 മുതൽ 2018 ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്**

845/2019.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 5 |
| അനുബന്ധം II | .. | 9 |
| അനുബന്ധം III | .. | 13 |

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2019-2021)

**ഘടന**

അദ്ധ്യക്ഷൻ:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം. എൽ. എ.

അംഗങ്ങൾ:

ശ്രീ. പാറക്കൽ അബ്ദുല്ല, എം. എൽ. എ.

ശ്രീ. വി. അബ്ദുറഹിമാൻ, എം. എൽ. എ.

ശ്രീ. ആന്റണി ജോൺ, എം. എൽ. എ.

ശ്രീ. അൻവർ സാദത്ത്, എം. എൽ. എ.

ശ്രീ. പി. ജെ. ജോസഫ്, എം. എൽ. എ.

ശ്രീ. എം. രാജഗോപാലൻ, എം. എൽ. എ.

ശ്രീ. കാരാട്ട് റസാഖ്, എം. എൽ. എ.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

# ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2017 ജനുവരി 1 മുതൽ 2018 ഡിസംബർ 31-ാം തീയതി വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച ഹർജികളും അവ സംബന്ധിച്ച് സർക്കാരിൽനിന്നും ലഭിച്ച റിപ്പോർട്ടുകളും അതിന്മേലുള്ള സമിതിയുടെ അഭിപ്രായങ്ങളും നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്. റിപ്പോർട്ട് കാലയളവിൽ സമിതി, പ്രവാസി മലയാളികളെ സംബന്ധിക്കുന്ന 5 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 6 ജില്ലാതല യോഗങ്ങൾ ചേരുകയും, അഖിലേന്ത്യാ പഠന പര്യടനാർത്ഥം മുംബൈ, ഡൽഹി, ഹൈദ്രാബാദ്, ബംഗളൂരു, ചെന്നൈ എന്നീ സ്ഥലങ്ങൾ സന്ദർശിക്കുകയും പ്രവാസി മലയാളികളുടെ വിവിധ വിഷയങ്ങൾ പഠന വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിൽ നിന്നും അനുകൂല മറുപടി ലഭിച്ച ഹർജികൾ, സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ, സർക്കാരിൽനിന്നും മറുപടി ലഭിക്കേണ്ട ഹർജികൾ എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

2019 ജൂൺ മാസം 26-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. വി. അബ്ദുൾ ഖാദർ,
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 ജൂലൈ 1.

# റിപ്പോർട്ട്

1. 20-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ വിദ്യാഭ്യാസം, നൂതന സാങ്കേതികവിദ്യ എന്നിവയിൽ കൈവരിച്ച പ്രാവീണ്യം, തൊഴിൽ മേഖലയിലെ പുതിയ മാനങ്ങൾ കണ്ടെത്തുന്നതിനായി സ്വന്തം നാടിന്റെ അതിർവരമ്പുകൾ കടന്നുപോകുന്നതിന് മലയാളിയെ പ്രാപ്തനാക്കി.

2. ജീവിതത്തിന്റെ നല്ല ഭാഗവും അന്യനാട്ടുകളിൽ വിയർപ്പൊഴുക്കി പണമയയ്ക്കുന്ന മലയാളി തിരികെ വരുന്നത് മാരക രോഗങ്ങളോടൊപ്പമാണ്. സാമ്പത്തിക സാക്ഷരതയില്ലായ്മമൂലം കടബാധ്യതവന്ന് കഷ്ടപ്പെടുന്നവർ, ആഡംബരജീവിതം കെട്ടിപ്പടുത്ത് ഒടുവിൽ പാപ്പരാകുന്നവർ, ചതിക്കപ്പെട്ട് തൊഴിലിടങ്ങളിൽ നരകിക്കുന്നവർ, ജീവിതത്തിന്റെ തോണി കരയ്ക്കടുപ്പിക്കാനാവാതെ ആത്മഹത്യ ചെയ്യുന്നവർ ഇങ്ങനെ പോകുന്നു പ്രവാസികളുടെ വിവിധ മുഖങ്ങൾ. ഇതോടൊപ്പം പ്രവാസികളുടെ ഭാവി ആശങ്കയിലാക്കുന്നതാണ് ഗൾഫ് രാജ്യങ്ങളിൽ മാറി വരുന്ന തൊഴിൽ നിയമങ്ങൾ.

3. തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് (സി.ഡി.എസ്.)-ന്റെ സർവ്വേയിൽ 2013-നും 2018-നുമിടയിൽ പ്രവാസികളുടെ സംഖ്യയിൽ 118% കുറവ് വന്നിട്ടുണ്ട് എന്ന് പറയുന്നു. സ്വദേശിവത്കരണം ഏറ്റവും കൂടുതൽ നടക്കുന്ന സൗദി അറേബ്യയിൽ നാൾക്കുനാൾ തൊഴിൽനിയമങ്ങൾ മാറുന്നത് തൊഴിലാളികളിൽ ഏറെ വൈഷമ്യം ഉണ്ടാക്കുന്നു. തൊഴിലിടങ്ങളിൽ സ്വദേശിവത്കരണം പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താൻ തൊഴിൽ മന്ത്രാലയം നടത്തുന്ന പരിശോധന ഇലക്ട്രിക്കൽ-ഇലക്ട്രോണിക്സ് രംഗത്തും വ്യാപിക്കുന്നതോടെ ഈ മേഖലയിൽ പണിയെടുത്തുവരുന്ന ഏഴു ലക്ഷത്തോളം പ്രവാസികളുടെ ഭാവി ആശങ്കയിലാകുകയാണ്.

4. പ്രവാസികളിലൂടെ ഒരു വർഷം ഏതാണ്ട് 85000 കോടി രൂപ കേരളത്തിലെത്തുന്നുവെന്നാണ് സർവ്വേകൾ വ്യക്തമാക്കുന്നത്. ഇന്ത്യയിൽ മൊത്തം ലഭിക്കുന്ന വിദേശ വരുമാനത്തിന്റെ അഞ്ചിലൊന്നാണിത്. എന്നാൽ പിരിച്ചുവിടൽ ഭീഷണിയുടെ നിഴലിൽ കുടിയേറ്റക്കാരുടെ എണ്ണത്തിൽ വളരെയധികം കുറവുണ്ടായി. 2018-ലെ പ്രവാസി സർവ്വേ അനുസരിച്ച് പ്രവാസികളുടെ എണ്ണം 2014-ലെ 36.5 ലക്ഷത്തിൽ നിന്ന് കുറഞ്ഞ് 2018-ൽ 34.17 ലക്ഷമായിട്ടുണ്ട്. ഇക്കാലയളവിലെ കുടിയേറ്റ പ്രവാസികളുടെ എണ്ണം 24 ലക്ഷത്തിൽ നിന്ന് 21.2 ലക്ഷമായി കുറഞ്ഞിട്ടുണ്ട്. എന്നാൽ തിരിച്ചുവരുന്ന പ്രവാസികളുടെ എണ്ണം 2008-ലെ 11.5 ലക്ഷത്തിൽ നിന്ന് 2018-ലെ 12.94 ലക്ഷമായി കൂടിയിട്ടുണ്ട്.

5. കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് നെടുംതൂണായി വർത്തിച്ച പ്രവാസികളുടെ പ്രത്യേകിച്ച് ഗൾഫ് മലയാളികളുടെ വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം എന്ന നിലയിലാണ് പ്രവാസിക്ഷേമ വകുപ്പ്, കേരള പ്രവാസി ക്ഷേമ ബോർഡ്, നോർക്ക റൂട്ട്സ്

എന്നിവ പ്രവർത്തനം ആരംഭിച്ചത്. നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെ തിരികെയെത്തുന്ന പ്രവാസികളുടെ തൊഴിൽ വൈദഗ്ധ്യം ഉപയോഗപ്പെടുത്തുകയും അതുവഴി അവരുടെ ക്ഷേമം ഉറപ്പാക്കേണ്ടതുമുണ്ട്. അതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പഠനങ്ങൾ നടത്തി വ്യക്തമായ പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

6. മറുനാടൻ മലയാളികൾ കൂടുതൽ അധിവസിച്ചിരുന്നത് തമിഴ്നാട്ടിലായിരുന്നെങ്കിലും 21-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ആ സ്ഥാനം കർണ്ണാടകത്തിനായി മാറി. മഹാരാഷ്ട്രയും, ഡൽഹിയും, ഗുജറാത്തും, മദ്ധ്യപ്രദേശും തുടങ്ങി മലയാളി വ്യാപനം വൻതോതിൽ നടക്കുന്ന സംസ്ഥാനങ്ങളുടെ പട്ടിക നീളുന്നു. തൊഴിലിലെ ആത്മാർത്ഥതയും കാര്യക്ഷമതയും ഇതരദേശക്കാരുമായി തോളോടുതോൾ ചേർന്ന് പ്രവർത്തിക്കാനും അതുവഴി അവിടൊരു കൊച്ചുകേരളം സൃഷ്ടിക്കാനും മലയാളിക്ക് സാധിച്ച അവസരത്തിനൊത്ത് പ്രയത്നശീലരാകാനുള്ള മലയാളികളുടെ പാടവം ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തെ ജനതയ്ക്കും ആർജ്ജിക്കാൻ സാധിക്കില്ലെന്ന് നിസ്സംശയം പറയാം.

7. ഗൾഫ് രാജ്യങ്ങളെ കൂടാതെ മറ്റ് വിദേശ രാജ്യങ്ങളിലും ഇന്ത്യയുടെ ഇതര സംസ്ഥാനങ്ങളിലും അധിവസിക്കുന്ന പ്രവാസി മലയാളികളുടെയും, പ്രവാസ ജീവിതം മതിയാക്കി നാട്ടിലെത്തിയ മലയാളികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനും അവരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി രൂപീകരിക്കപ്പെട്ടതാണ് പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി. പ്രവാസി കേരളീയകാര്യ വകുപ്പ് ആവിഷ്കരിക്കുന്നതും നോർക്ക റൂട്ട്സ്, പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നീ ഏജൻസികൾ വഴി നടപ്പിലാക്കുന്നതുമായ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ന്യൂനതകൾ പരിഹരിക്കുന്നതിനും സമിതി ഉത്തരവാദപ്പെട്ടിരിക്കുന്നു. കൂടാതെ പ്രവാസി മലയാളികളെ ബാധിക്കുന്ന ദേശീയവും അന്തർദ്ദേശീയവുമായ വിഷയങ്ങളിൽ സജീവമായി ഇടപെടുന്നതിനും, സമിതിക്ക് യുക്തമെന്ന് തോന്നുന്നതോ, സഭയോ ബഹു. സ്പീക്കറോ പ്രത്യേകമായി റഫർ ചെയ്യുന്നതോ ആയ വിഷയങ്ങൾ പരിശോധിക്കുന്നതും സമിതിയുടെ കർത്തവ്യങ്ങളിൽ ഉൾപ്പെടുന്നു.

8. 1-1-2017 മുതൽ 31-12-2018 വരെയുള്ള കാലയളവിൽ സമിതി നടത്തിയ പ്രവർത്തനങ്ങളും പരിഗണനയിലുള്ള ഹർജികളും സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശവും സമിതിയുടെ ഇടപെടൽമൂലം പരിഹരിയ്ക്കപ്പെട്ട ഹർജികൾ സംബന്ധിച്ച വിശദാംശവും (അനുബന്ധം I) സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച വിശദാംശവും (അനുബന്ധം II) സമിതിയുടെ പരിഗണനയിലുള്ളതും നാളിതുവരെ സർക്കാരിൽനിന്നും മറുപടി ലഭിയ്ക്കാത്തതുമായ ഹർജികൾ സംബന്ധിച്ച വിശദാംശവും (അനുബന്ധം III) ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

9. റിപ്പോർട്ട് കാലയളവിൽ സമിതി 20 യോഗങ്ങൾ ചേരുകയും 80 ഹർജികൾ പരിഗണിയ്ക്കുകയും ചെയ്തു. അതിൽ 6 യോഗങ്ങൾ കോട്ടയം, കാസർഗോഡ്, എറണാകുളം, തൃശ്ശൂർ, പത്തനംതിട്ട, കണ്ണൂർ എന്നീ ജില്ലാ സന്ദർശനത്തിനോട് അനുബന്ധിച്ചുള്ളവയാണ്. അഖിലേന്ത്യാ പഠന പര്യടനാർത്ഥം സമിതി മുംബൈ, ഡൽഹി, ഹൈദ്രാബാദ്, ബംഗളൂരു, ചെന്നൈ എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് പ്രവാസികളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി. സ്വകാര്യ ആരോഗ്യ മേഖലയിലെ മറുനാടൻ മലയാളി നഴ്സമാരുടെ തൊഴിൽ സംബന്ധമായ പ്രശ്നങ്ങളെ സംബന്ധിച്ച് നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള സമിതി (2011-2014)-യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട്, 2015 ഒക്ടോബർ 1 മുതൽ 2016 ഡിസംബർ 31 വരെ പരിഗണിച്ച ഹർജി സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്, മറുനാടൻ മലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച നാലാമത് റിപ്പോർട്ട്, പ്രവാസജീവിതം അവസാനിപ്പിച്ച് തിരികെ എത്തിയവർക്കായുള്ള സ്വയംതൊഴിൽ പദ്ധതി (നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ്) സംബന്ധിച്ച് സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള അഞ്ചാമത് റിപ്പോർട്ട്, ചെന്നൈ മലയാളികൾ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ സംബന്ധിച്ച ആറാമത് റിപ്പോർട്ട് എന്നിങ്ങനെ 5 റിപ്പോർട്ടുകൾ ഈ കാലയളവിൽ സഭയിൽ സമർപ്പിക്കുകയുണ്ടായി.

10. സമിതി (2016-2019)-യുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശയിൽ ഉൾപ്പെട്ടിട്ടുള്ള കാരുണ്യ പദ്ധതി പ്രകാരം മൃതദേഹം നാട്ടിലെത്തിക്കുന്നതിലെ നടപടി ക്രമങ്ങൾ ലഘൂകരിക്കണമെന്ന ആവശ്യം സംബന്ധിച്ച് സർക്കാർ അനുകൂല നടപടിയെടുത്തിട്ടുള്ളത് അഭിമാനാർഹമായ നേട്ടമായി സമിതി കാണുന്നു. കൂടാതെ മറുനാടൻ മലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ചുള്ള നാലാമത് റിപ്പോർട്ടിലും, എൻ.ഡി.പി.ആർ.ഇ.എം. പദ്ധതി സംബന്ധിച്ചുള്ള പഠന റിപ്പോർട്ടിലും സമിതി യുക്തമായ ശിപാർശകൾ നൽകിയിട്ടുണ്ട്.

### റിപ്പോർട്ട് കാലയളവിൽ സമിതിയ്ക്ക് ലഭിച്ച ഹർജികളുടെയും ജില്ലാ സന്ദർശനവേളയിൽ സമിതിയ്ക്ക് ബോദ്ധ്യപ്പെട്ട വസ്തുതകളുടെയും അടിസ്ഥാനത്തിൽ സമിതി നൽകുന്ന നിഗമനങ്ങൾ/ശിപാർശകൾ

1. ഭാരതത്തിന്റെ എല്ലാ ഭാഗത്തും കുടിയേറ്റക്കാരായ പ്രവാസികൾ ഉണ്ടെങ്കിലും മികച്ച വിദ്യാഭ്യാസയോഗ്യതയുടെ അടിസ്ഥാനത്തിലും സാങ്കേതിക പരിജ്ഞാനത്തിന്റെ മികവിലും മുന്നിട്ടുനില്ക്കുന്നത് മലയാളികൾ ആണെന്ന് കാണാം. ഇവരുടെ കഴിവിനനുസൃതമായി ജോലി സമ്പാദിക്കുന്നതിൽ സമീപകാലത്തുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും മടങ്ങി വരുന്ന പ്രവാസികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും നൂതനപദ്ധതികൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളെ

ഏകോപിപ്പിക്കേണ്ടതിന്റെ ആവശ്യകത സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രവാസികൾക്കായി തൊഴിൽ/പുനരധിവാസ പദ്ധതികൾ സംസ്ഥാനത്തെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ആവിഷ്കരിക്കുന്നതിന് വ്യക്തമായ മാർഗ്ഗരേഖ തയ്യാറാക്കി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. ക്ഷേമനിധിയിൽ കൂടുതൽ തുക അംശാദായം അടയ്ക്കാൻ താൽപ്പര്യമുള്ള അംഗങ്ങൾക്ക് കാലാവധി കഴിയുമ്പോൾ ഇൻസെന്റീവ് ഉൾപ്പെടെയുള്ള തുക തിരിച്ച് നൽകുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. ക്ഷേമനിധിയിൽ അംഗമായിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് നിലവിൽ നൽകിവരുന്ന ധനസഹായം അൻപതിനായിരം രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. 'പ്രവാസി' എന്ന ഒറ്റകാരണത്താൽ ഒരു വ്യക്തിയ്ക്ക് നിയമപ്രകാരം ഒരു ഇൻഡ്യൻ പൗരന് ലഭിക്കേണ്ട ആനുകൂല്യങ്ങളിൽ നിന്ന് ഏറെക്കുറെ മാറ്റിനിർത്തപ്പെടുന്ന അവസ്ഥ പരിതാപകരമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസികളെ അവരുടെ പരാധീനതകൾ മനസ്സിലാക്കി അവരുടെ വിദ്യാഭ്യാസം, തൊഴിൽ, സാമ്പത്തിക സ്ഥിതി എന്നീ വസ്തുതകൾക്കനുസൃതമായി പ്രത്യേക തിരിച്ചറിയൽ കാർഡുകൾ ലഭ്യമാക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. വീട്ടുജോലിക്കായി വിദേശത്ത് പോകുന്ന സ്ത്രീകൾ അവിടെ നേരിടുന്ന മാനസിക ശാരീരിക ലൈംഗീകാതിക്രമങ്ങൾക്ക് അവസാനമില്ലെന്ന വസ്തുത കണക്കിലെടുത്ത് റിക്രൂട്ടിംഗ് ഏജൻസികൾ ചട്ടങ്ങളും/സുരക്ഷാ സംവിധാനങ്ങളും പൂർണ്ണമായും പാലിക്കുന്നുണ്ടോയെന്നത് പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. ചെയ്യാത്ത കുറ്റങ്ങൾക്കും, അജ്ഞതമൂലം ചതിക്കുഴിയിൽപ്പെടുന്നവരും ആയ പ്രവാസികൾ അനുഭവിക്കുന്ന ദുരിതങ്ങളുടെ ദയനീയത സമിതി മനസ്സിലാക്കുന്നു. സൗദി അറേബ്യയിൽ ഇത്തരം സാഹചര്യങ്ങളിൽപ്പെട്ടവർ ജയിൽ മോചിതരാകുന്ന വേളയിൽ എയർ ടിക്കറ്റ് നൽകുന്ന പദ്ധതിയായ സ്വപ്നസാഫല്യം കൂടുതൽ പേർക്ക് പ്രയോജനകരമാകുന്ന രീതിയിൽ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കെ. വി. അബ്ദുൾ ഖാദർ,
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 ജൂലൈ 1.

അനുബന്ധം I

## സമിതിയുടെ ഇടപെടൽമൂലം പരിഹരിക്കപ്പെട്ട ഹർജികൾ സംബന്ധിച്ച വിശദാംശം

1. ശ്രീ. ശശാങ്കൻ, ജാനമ്മ വിഹാർ, അയന്തി, വർക്കല സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 17608/എൻ.ആർ.കെ.ഡബ്ല്യു.സി1/14/നി.സെ.)

അംഗത്വത്തിന് അപേക്ഷിക്കുമ്പോൾ 55 വയസ്സുകഴിഞ്ഞിരുന്നു എന്ന കാരണത്താൽ ടിയാന്റെ അംഗത്വം കേരള പ്രവാസി ക്ഷേമനിധി ബോർഡ് റദ്ദ് ചെയ്തതുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഹർജി.

2016 ലെ 4-ാം നമ്പർ ആക്ട് പ്രകാരം (2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ഭേദഗതി) 55 വയസ്സ് പൂർത്തിയായിട്ടുള്ളതും എന്നാൽ അറുപത് വയസ്സ് പൂർത്തിയാകുന്നതിന് മുമ്പ് നിധിയിൽ അംഗമാകുകയും അഞ്ചുവർഷത്തിൽ കുറയാതെ അംശാദായം അടയ്ക്കുകയും ചെയ്തിട്ടുള്ളതുമായ അംഗങ്ങൾക്കും കല്പിതാംഗങ്ങൾക്കും പെൻഷൻ നല്കുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിൻ പ്രകാരം ശ്രീ. ശശാങ്കന് കേരള പ്രവാസി ക്ഷേമനിധി അംഗത്വം പുനഃസ്ഥാപിച്ച് നല്കുകയും മിനിമം പെൻഷൻ 1,000 രൂപ വീതം 26-8-2014 മുതലുള്ള പെൻഷൻ കുടിശ്ശിക ഉൾപ്പെടെ 27,000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ (എ) വകുപ്പിന്റെ 23-12-2016-ന് പ്രകാരമുള്ള എ 1/6303/2014/നോർക്ക നമ്പർ കത്തുപ്രകാരം ലഭിച്ച മറുപടി)

2. ശ്രീ. മഞ്ഞക്കുളം നാരായണൻ, പ്രസിഡന്റ്, കേരള പ്രവാസിസംഘം, കോഴിക്കോട്

(ഫയൽ നമ്പർ 23164/എൻ.ആർ.കെ.ഡബ്ല്യു.സി1/16/നി.സെ.)

യു.എ.ഇ.-യിൽ വച്ച് വാഹനാപകടത്തിൽ മരണപ്പെട്ട ബിജു. സി. പി., കേരള പ്രവാസി കേരളീയ ക്ഷേമനിധിയിലും നോർക്കയിലും അംഗമായിരുന്നുവെങ്കിലും മരണാനന്തര ആനുകൂല്യങ്ങളൊന്നും ലഭിച്ചിട്ടില്ലെന്നും ആയത് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി.

കേരള പ്രവാസി ക്ഷേമബോർഡിൽ നിന്നും മരണപ്പെട്ട ആളിന്റെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി 50,000 രൂപ അനുവദിക്കുകയും നോർക്ക റൂട്ട്സ് ടിയാന്റെ ഭാര്യയ്ക്ക് സാന്ത്വന പദ്ധതി പ്രകാരം മരണാനന്തര ധനസഹായമായി ഒരു ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ (എ) വകുപ്പിന്റെ 11-10-2017-ലെ എ 1/50/2017/നോർക്ക നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി)

3. ശ്രീ. സ്വാമിനാഥൻ പുത്തൂർ, കിഴക്കതിൽ, കാർത്തികപ്പള്ളി, ആലപ്പുഴ

(ഫയൽ നമ്പർ 14098/എൻ.ആർ.കെ.ഡബ്ല്യൂ.സി1/16/നി.സെ.)

ക്ഷേമനിധിയിൽ അംഗമായിട്ടുള്ള നിവേദകന് ചികിത്സാ ധനസഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി .

അപേക്ഷകൻ ചികിത്സ നടത്തിയത് ബോർഡ് അംഗീകൃത ആശുപത്രിയിൽ അല്ലാതിരുന്നിട്ടും ബോർഡ് യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് 6 തവണകളായി 41,000 രൂപ ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ (എ) വകുപ്പിന്റെ 3-10-2017-ലെ എ 1/418/2017/നോർക്ക നമ്പർ കത്തുപ്രകാരം ലഭിച്ച മറുപടി)

4. ശ്രീ. ടി. കെ. രാമചന്ദ്രൻ, തത്തംപള്ളി വീട്, തൃശ്ശൂർ

(ഫയൽ നമ്പർ 20870/എൻ.ആർ.കെ.ഡബ്ല്യൂ.സി1/17/നി.സെ.)

ക്ഷേമപെൻഷൻ അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി.

2016 സെപ്റ്റംബർ മുതൽ 2017 ഒക്ടോബർ വരെയുള്ള പെൻഷൻ കുടിശ്ശിക സഹിതം നൽകിയിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ (എ) വകുപ്പിന്റെ 18-12-2017-ലെ എ 1/548/2017/നോർക്ക നമ്പർ കത്തുപ്രകാരം ലഭിച്ച മറുപടി)

5. ശ്രീ. എം. എം. ശങ്കരൻ, ഒഞ്ചിയം ഏര്യാ സെക്രട്ടറി, പ്രേംനിവാസ്, വടകര

(ഫയൽ നമ്പർ 23176/എൻ.ആർ.കെ.ഡബ്ല്യൂ.സി1/16/നി.സെ.)

കോഴിക്കോട് ക്ഷേമനിധി ഓഫീസിൽ സ്റ്റാഫിനെ നിയമിക്കണമെന്നും പിഴപ്പലിശ ഈടാക്കാതെ വീഴ്ചവന്ന അംശാദായം അടയ്ക്കാനുള്ള സൗകര്യം ചെയ്യണമെന്നും 60 വയസ്സ് കഴിഞ്ഞ പ്രവാസികളുടെ ദയനീയാവസ്ഥ പരിഗണിക്കണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി.

കേരള പ്രവാസി കേരളീയക്ഷേമ ബോർഡിന്റെ കോഴിക്കോട് റീജിയണൽ ഓഫീസിൽ ഒരു ഓഫീസ് അസിസ്റ്റന്റും ഒരു ക്ലറിക്കൽ അസിസ്റ്റന്റും ഒരു പാർട്ട് ടൈം സ്വീപ്പറും നിലവിൽ ജോലി ചെയ്തുവരുന്നുണ്ട്. 16-8-2016 മുതൽ 3-10-2016 വരെ പ്രവാസി ക്ഷേമനിധി അംഗത്വം പിഴകൂടാതെ പുനഃസ്ഥാപിക്കുന്നതിന് കേരള പ്രവാസി ക്ഷേമ ബോർഡിന് അനുമതി നൽകിയിരുന്നു. 60 വയസ്സ് കഴിഞ്ഞവരുൾപ്പെടെയുള്ള പ്രവാസികളുടെ ക്ഷേമത്തിനായി പ്രവാസി പെൻഷൻ ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(കേരളീയ പ്രവാസികാര്യ (എ) വകുപ്പിന്റെ എ 1/48/2017/നോർക്ക നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി)

6. ശ്രീമതി കൊച്ചു ത്രേസ്യാ ജോസ്, എറണാകുളം

(ഫയൽ നമ്പർ 21553/എൻ.ആർ.കെ.ഡബ്ല്യൂ.സി2/17/നി.സെ.)

ഭർത്താവിന്റെ മരണാനന്തരാനുകൂല്യവും സഹായവും ലഭിക്കുന്നതിനായി സമർപ്പിച്ച ഹർജി.

സാന്ത്വന പദ്ധതി പ്രകാരം ₹ 1,00,000 അനുവദിച്ചു.

(കേരളീയ പ്രവാസികാര്യ (എ) വകുപ്പിന്റെ എ 1/670/2017/നോർക്ക നമ്പർ കത്തു പ്രകാരം ലഭിച്ച മറുപടി)

7. ശ്രീമതി ചന്ദ്രിക, കോഴിക്കോട്

(ഫയൽ നമ്പർ 23165/എൻ.ആർ.കെ.ഡബ്ല്യൂ.സി2/16/നി.സെ.)

ശ്രീമതി ചന്ദ്രിക, കോഴിക്കോട് ഭർത്താവിന്റെ മരണാനന്തര ആനുകൂല്യങ്ങൾക്കായി നോർക്ക റൂട്ട്സിന് അപേക്ഷ നൽകിയെങ്കിലും ലഭിച്ചില്ലായെന്നറിയിച്ചുകൊണ്ട് നൽകിയ ഹർജി.

സാന്ത്വന പദ്ധതി പ്രകാരം ₹ 1,00,000 അനുവദിച്ചു.

(കേരളീയ പ്രവാസികാര്യ (ബി) വകുപ്പിന്റെ 24/ബി2/2017/നോർക്ക നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി)

8. ശ്രീ. പി. സി. ജോസഫ്, പാണഞ്ചേരി വീട്, തൃശ്ശൂർ

(ഫയൽ നമ്പർ 20868/എൻ.ആർ.കെ.ഡബ്ല്യൂ.സി1/17/നി.സെ.)

ക്ഷേമനിധി അംശാദായം അടച്ചിട്ടും പെൻഷൻ ലഭിച്ചിട്ടില്ലെന്നും ആയത് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി.

ശ്രീ. പി. സി. ജോസഫിന് 22-6-2017-ൽ കുടിശ്ശിക ഉൾപ്പെടെ പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ 'എ' വകുപ്പിന്റെ എ 1/549/2017/നോർക്ക നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി)

അനുബന്ധം II

## ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച പട്ടിക

| ക്രമ നമ്പർ | വിഷയം | ഫയൽ നമ്പർ |
|---|---|---|
| I | 2 | 3 |
| 1 | ജിദ്ദയിലുള്ള ഭർത്താവിനെ നാട്ടിലെത്തിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീമതി ഹാജറ, പെരുമ്പള്ളി, മലപ്പുറം സമർപ്പിച്ച ഹർജി | 15856/എൻ.ആർ.കെ.ഡബ്ല്യു.സി.1/2013/നി.സെ. |
| 2 | സൗദി അറേബ്യയിൽ ജയിലിൽ കഴിയുന്ന ഭർത്താവിനെ മോചിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. ഉമ്മുക്കുത്സു സി. കെ. സമർപ്പിച്ച ഹർജി | 15892/എൻ.ആർ.കെ.ഡബ്ല്യു.സി.1/2013/നി.സെ. |
| 3 | പ്രവാസിക്ഷേമനിധിയിൽനിന്നുള്ള പെൻഷൻ അനുവദിച്ച് കിട്ടുന്നതിനു നടപടി ആവശ്യപ്പെട്ട് ശ്രീ. ശശാങ്കൻ കെ., വർക്കല സമർപ്പിച്ച ഹർജി | 17608/എൻ.ആർ.കെ.ഡബ്ല്യു.സി.1/2014/നി.സെ. |
| 4 | പ്രവാസികൾക്കുള്ള വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് ശ്രീ. ഷാഫി ഖുറൈഷി, പാലക്കാട് സമർപ്പിച്ച ഹർജി | 21994/എൻ.ആർ.കെ.ഡബ്ല്യു.സി.1/2013/നി.സെ. |
| 5 | ജപ്തിനടപടികൾ ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. അബ്ദുൾ റഹിമാൻ, പാലക്കാട് സമർപ്പിച്ച ഹർജി | 22012/എൻ.ആർ.കെ.ഡബ്ല്യു.സി.1/2013/നി.സെ. |
| 6 | ചികിത്സാസഹായം ആവശ്യപ്പെട്ട് ശ്രീ. അബ്ദുൾ ജലീൽ, ആലപ്പുഴ സമർപ്പിച്ച ഹർജി | 19612/എൻ.ആർ.കെ.ഡബ്ല്യു.സി.1/2014/നി.സെ. |
| 7 | സ്റ്റേഷനറിക്കട തുടങ്ങുന്നതിന് അനുമതി ലഭിക്കുന്നതിനായി ശ്രീ. ഹാരിസ് എം., ആലപ്പുഴ സമർപ്പിച്ച ഹർജി | 19632/എൻ.ആർ.കെ.ഡബ്ല്യു.സി.1/2014/നി.സെ. |
| 8 | ഒമാനിലുള്ള ഭർത്താവിനെ നാട്ടിലെത്തിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീമതി ആശ ബിജുകുമാർ സമർപ്പിച്ച ഹർജി | 14153/എൻ.ആർ.കെ.ഡബ്ല്യു.സി.1/2015/നി.സെ. |
| 9 | വിവിധവിഷയങ്ങൾ സംബന്ധിച്ച് ശ്രീ. എസ്. എൻ. നൗഷാദ്, കൊല്ലം സമർപ്പിച്ച ഹർജി | 23767/എൻ.ആർ.കെ.ഡബ്ല്യു.സി.1/2015/നി.സെ. |

845/2019.

| 1 | 2 | 3 |
|---|---|---|
| 10 | ധനസഹായം ലഭ്യമാക്കുന്നതിനായി ശ്രീ. ലത്തീഫ്, കോഴിക്കോട് സമർപ്പിച്ച ഹർജി | 23160/എൻ.ആർ. കെ.ഡബ്ല്യൂ.സി.1/ 2016/നി.സെ. |
| 11 | ചികിത്സാസഹായം ലഭിക്കുന്നത് സംബന്ധിച്ച് ശ്രീ. സ്വാമിനാഥൻ, ആലപ്പുഴ സമർപ്പിച്ച ഹർജി | 14098/എൻ.ആർ. കെ.ഡബ്ല്യൂ.സി.1/ 2017/നി.സെ. |
| 12 | ബാങ്ക് വായ്പ അനുവദിച്ചിട്ടും ഹർജിക്കാരന് ലഭിച്ചില്ല എന്നത് സംബന്ധിച്ച് ശ്രീ. പി. കെ. സലീം, പാലമ്പറ സമർപ്പിച്ച ഹർജി | 14523/എൻ.ആർ. കെ.ഡബ്ല്യൂ.സി.1/ 2017/നി.സെ. |
| 13 | ചികിത്സാസഹായവും സ്വയംതൊഴിൽസഹായവും ആവശ്യപ്പെട്ട് ശ്രീ. ഡി. വിജയപ്പൻ, ചങ്ങനാശ്ശേരി സമർപ്പിച്ച ഹർജി | 14732/എൻ.ആർ. കെ.ഡബ്ല്യൂ.സി.1/ 2017/നി.സെ. |
| 14 | ചികിത്സാസഹായം, ക്ഷേമനിധി എന്നിവ 60 വയസ്സ് കഴിഞ്ഞവർക്കു നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. വി. ആർ. ഗോപാലൻ സമർപ്പിച്ച ഹർജി | 15787/എൻ.ആർ. കെ.ഡബ്ല്യൂ.സി.1/ 2017/നി.സെ. |
| 15 | പെൻഷൻ ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. ടി. കെ. രാമചന്ദ്രൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി | 20870/എൻ.ആർ. കെ.ഡബ്ല്യൂ.സി.1/ 2017/നി.സെ. |
| 16 | സാമ്പത്തികബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ശ്രീ. വി. സി. ജോർജ്ജ്, തൃശ്ശൂർ സമർപ്പിച്ച ഹർജി | 20876/എൻ.ആർ. കെ.ഡബ്ല്യൂ.സി.1/ 2017/നി.സെ. |
| 17 | വസ്തു തട്ടിയെടുക്കാൻ ശ്രമിക്കുന്നയാൾക്കെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. റ്റി. മോഹനൻ നായർ, തിരുവനന്തപുരം സമർപ്പിച്ച ഹർജി | 16504/എൻ. ആർ.കെ.ഡബ്ല്യൂ. സി2/2011/നി.സെ. |
| 18 | വീടിന്റെ പുറത്തേക്ക് തള്ളിനിൽക്കുന്ന സൺഷേഡ് മാറ്റണമെന്നാവശ്യപ്പെട്ട് കോർപ്പറേഷൻ സെക്രട്ടറിയുടെ നിർദ്ദേശത്തിനെതിരെ നടപടി ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. റജിമോൻ പി. ടി., കൊല്ലം സമർപ്പിച്ച ഹർജി | 17695/എൻ.ആർ. കെ.ഡബ്ല്യൂ.സി2/ 2012/നി.സെ. |
| 19 | പ്രവാസികളുടെ ക്ഷേമപദ്ധതികൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച ശ്രീ. മജീദ് കോട്ടിരി, ജനറൽ സെക്രട്ടറി, ജിദ്ദ കെ.എം.സി.സി., മലപ്പുറം ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജി | 15826/എൻ.ആർ. കെ.ഡബ്ല്യൂ.സി2/ 2013/നി.സെ. |

| 1 | 2 | 3 |
|---|---|---|
| 20 | കബളിപ്പിച്ച് പണം തട്ടിയെടുത്തയാൾക്കെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച ശ്രീ. ജോയിമോൻ എ. ജി., കോട്ടയം സമർപ്പിച്ച ഹർജി | 19630 എൻ.ആർ. കെ.ഡബ്ല്യൂ.സി2/ 2013/നി.സെ. |
| 21 | സ്വയംതൊഴിലിന് സാമ്പത്തികസഹായം ആവശ്യപ്പെട്ട് ശ്രീ. ബഷീർ വി., ആലപ്പുഴ, ശ്രീ. ഫൈസൽ, പുന്നപ്ര എന്നിവർ സമർപ്പിച്ച ഹർജി | 19604/എൻ.ആർ. കെ.ഡബ്ല്യൂ.സി2/ 2014/നി.സെ. |
| 22 | ചെറുകിടവ്യവസായം തുടങ്ങുന്നതിന് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ബഷീർ തൃക്കുന്നപ്പുഴ, ആലപ്പുഴ സമർപ്പിച്ച ഹർജി | 19630/എൻ.ആർ. കെ.ഡബ്ല്യൂ.സി2/ 2014/നി.സെ. |
| 23 | എംപ്ലോയ്മെന്റ് വിസ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ജെറാൾ ജോൺസൺ, കൊല്ലം സമർപ്പിച്ച ഹർജി | 12949/എൻ.ആർ. കെ.ഡബ്യൂ.സി2/ 2013/നി.സെ. |
| 24 | ഇൻഷ്വറൻസ് തുക കമ്പനിയിൽ നിന്ന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. രാജു എം., പാലക്കാട് സമർപ്പിച്ച ഹർജി | 22015/എൻ.ആർ. കെ.ഡബ്ല്യൂ.സി2/ 2013/നി.സെ. |
| 25 | വിദേശത്ത് പോകുന്നതിന് സഹായം അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. രാജൻ കെ. പി., പാലക്കാട് സമർപ്പിച്ച ഹർജി | 22030/എൻ.ആർ. കെ.ഡബ്ല്യൂ.സി2/ 2013/നി.സെ. |
| 26 | പ്രവാസി മലയാളികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച മുസ്ലീം ലീഗ് ആലപ്പുഴ ടൗൺ പ്രസിഡന്റ് ശ്രീ. ബാബു ഷെറീഫ്, ആലപ്പുഴ, ജനറൽ സെക്രട്ടറി ശ്രീ. എ. എം. നൗഫൽ എന്നിവർ സമർപ്പിച്ച ഹർജി | 19687/എൻ.ആർ. കെ. ഡബ്ല്യൂ.സി2/ 2014/നി.സെ. |
| 27 | സൗദിയിലെ സാംബ ബാങ്കിൽ നിന്നെടുത്ത വായ്പാകുടിശ്ശിക തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച് ശ്രീ. മൊയ്തീൻകുട്ടി കെ. വി., മലപ്പുറം സമർപ്പിച്ച ഹർജി | 20896/എൻ.ആർ. കെ. ഡബ്ല്യൂ.സി2/ 2014/നി.സെ. |
| 28 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. കെ. ടി. കെ. ഭാസ്കരൻ, കോഴിക്കോട് സമർപ്പിച്ച ഹർജി | 23159/എൻ.ആർ. കെ.ഡബ്ല്യൂ.സി2/ 2016/നി.സെ. |
| 29 | ചികിത്സാസഹായവും മരണാനന്തരാനുകൂല്യങ്ങളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ചന്ദ്രിക, കോഴിക്കോട് സമർപ്പിച്ച ഹർജി | 23165/എൻ.ആർ. കെ.ഡബ്ല്യൂ.സി.2/ 2017/നി.സെ. |

| 1 | 2 | 3 |
|---|---|---|
| 30 | സ്വയംതൊഴിലിനായി ധനസഹായം ആവശ്യപ്പെട്ട് ശ്രീ. ജോയി ജോർജ്ജ്, കോട്ടയം സമർപ്പിച്ച ഹർജി | 14522/എൻ.ആർ.കെ.ഡബ്ല്യൂ.സി.2/2017/നി.സെ. |
| 31 | ക്ഷേമപെൻഷൻ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഷാജി കെ. എസ്., കോട്ടയം സമർപ്പിച്ച ഹർജി | 14532/എൻ.ആർ.കെ.ഡബ്ല്യൂ.സി.2/2017/നി.സെ. |
| 32 | സാമ്പത്തികസഹായം ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. എ. പി. അബ്ദുൾ റഹിമാൻ, കാസർഗോഡ് സമർപ്പിച്ച ഹർജി | 15791/എൻ.ആർ.കെ.ഡബ്ല്യൂ.സി.2/2017/നി.സെ. |
| 33 | സാമ്പത്തികസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. മുഹമ്മദ് ഇക്ബാൽ, കാസർഗോഡ് സമർപ്പിച്ച ഹർജി | 15794/എൻ.ആർ.കെ.ഡബ്ല്യൂ.സി.2/2017/നി.സെ. |
| 34 | ചികിത്സാസഹായവും സാമ്പത്തികസഹായവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. കെ. അബ്ദുൾ ഗഫൂർ, കാസർഗോഡ് സമർപ്പിച്ച ഹർജി | 15805/എൻ.ആർ.കെ.ഡബ്ല്യൂ.സി.2/2017/നി.സെ. |
| 35 | പ്രവാസി പെൻഷൻ ലഭിക്കുന്നതിനായി ശ്രീ. കെ. ടി. ജോസ്, എറണാകുളം സമർപ്പിച്ച ഹർജി | 20875/എൻ.ആർ.കെ.ഡബ്ല്യൂ.സി.2/2017/നി.സെ. |
| 36 | ഭർത്താവിന്റെ മരണാനന്തരാനുകൂല്യവും ധനസഹായവും ലഭിക്കാനായി ശ്രീമതി കൊച്ചുത്രേസ്യാ ജോസ്, എറണാകുളം സമർപ്പിച്ച ഹർജി | 21553/എൻ.ആർ.കെ.ഡബ്ല്യൂ.സി.2/2017/നി.സെ. |
| 37 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഓൾ ഇൻഡ്യാ മലയാളി അസോസിയേഷൻ, മഹാരാഷ്ട്ര സമർപ്പിച്ച ഹർജി | 23471/എൻ.ആർ.കെ.ഡബ്ല്യൂ.സി.2/2017/നി.സെ. |

അനുബന്ധം III

## സമിതിയുടെ പരിഗണനയിലുള്ളതും നാളിതുവരെ സർക്കാരിൽനിന്നും റിപ്പോർട്ട് ലഭിക്കാത്തതുമായ ഹർജികൾ സംബന്ധിച്ച പട്ടിക

### കേരളീയ പ്രവാസികാര്യവകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | 2 | 3 |
| 1 | സമിതി (2011-2014)-യുടെ 10-12-2013-ലെ യോഗം- ശിപാർശകളിന്മേൽ അനന്തര നടപടികൾ സംബന്ധിച്ച് (ഫയൽ നമ്പർ 13036/എൻ.ആർ.കെ.ഡബ്ല്യു.സി./ 14/നി.സെ.) | 2188/ബി2/14/നോർക്ക തീയതി 1-2-2016 |
| 2 | സമിതി(2014-2016)-യുടെ 6-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സംബന്ധിച്ച് (ഫയൽ നമ്പർ 15936/എൻ.ആർ.കെ.ഡബ്ല്യു.സി./ 16/നി.സെ.) | ബി2/19/16/നോർക്ക തീയതി 19-2-2016 |
| 3 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ജിദ്ദ-കൊണ്ടോട്ടി മുനിസിപ്പൽ-കേരള മുസ്ലീം കൾച്ചറൽ സെന്റർ കമ്മിറ്റി (ഫയൽ നമ്പർ 23162/എൻ.ആർ.കെ.ഡബ്ല്യു.സി./ 16/നി.സെ.) | 25/ബി2/17/നോർക്ക തീയതി 6-2-2017 |
| 4 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. സി. വി. ഇക്ബാൽ സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽ നമ്പർ 23173/എൻ.ആർ.കെ.ഡബ്ല്യു.സി./ 16/നി.സെ.) | എ 1/51/17/നോർക്ക തീയതി 9-10-2017 |
| 5 | ചികിത്സാപ്പിഴവിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ശ്രീമതി നീതുജോസ് സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽ നമ്പർ 14525/എൻ.ആർ.കെ.ഡബ്ല്യു.സി./ 16/നി.സെ.) | എ 1/428/17/നോർക്ക തീയതി 18-12-2017 |
| 6 | സമിതി(2016-2019)-യുടെ ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് (ഫയൽ നമ്പർ 19100/എൻ.ആർ.കെ.ഡബ്ല്യു.സി./ 16/നി.സെ.) | 151/ബി2/17/നോർക്ക തീയതി 2-6-2017 |

| 1 | 2 | 3 |
|---|---|---|
| 7 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. കെ. പി. ജോൺ സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽ നമ്പർ 20050/എൻ.ആർ.കെ.ഡബ്ല്യു.സി1/17/നി.സെ.) | 363/ബി2/17/നോർക്ക തീയതി |
| 8 | മരണപ്പെട്ട ഭർത്താവിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി ബുഷ്റ സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽ നമ്പർ 22219/എൻ.ആർ.കെ.ഡബ്ല്യു.സി1/17/നി.സെ.) | എ 1/534/17/നോർക്ക തീയതി 24-10-2018 |
| 9 | പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-2019)-യുടെ മൂന്നാമത് റിപ്പോർട്ട് സംബന്ധിച്ച് (ഫയൽ നമ്പർ 22314/എൻ.ആർ.കെ.ഡബ്ല്യു.സി1/17/നി.സെ.) | 163/ബി2/18/നോർക്ക തീയതി 17-4-2018 |
| 10. | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് (ഫയൽ നമ്പർ 23467/എൻ.ആർ.കെ.ഡബ്ല്യു.സി1/17/നി.സെ.) | 430/ബി2/17/ തീയതി 3-2-2018 |
| 11 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് (ഫയൽ നമ്പർ 23470/എൻ.ആർ.കെ.ഡബ്ല്യു.സി1 17/നി.സെ.) | ബി2/448/18/ തീയതി 21-2-2018 |
| 12 | ക്ഷേമനിധി അംഗത്വം പുതുക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. ശരത് ചന്ദ്രബോസ് സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽ നമ്പർ 23529/എൻ.ആർ.കെ.ഡബ്ല്യു.സി1/17/നി.സെ.) | എ 1/569/2017/നോർക്ക തീയതി 30-8-2018 |
| 13 | വിദേശത്ത് നിന്ന് മകനെ നാട്ടിലെത്തിക്കണമെന്നും റിക്രൂട്ടിംഗ് ഏജൻസിക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീമതി അമ്പിളി സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽ നമ്പർ 21096/എൻ. ആർ.കെ.ഡബ്ല്യു.സി1/18/നി.സെ.) | എ 3/267/18/നോർക്ക തീയതി 13-8-2018 |

| 1 | 2 | 3 |
|---|---|---|
| 14 | പ്രവാസികളുടെ വിഷയങ്ങൾ സംബന്ധിച്ച് കേരള പ്രവാസി സംഘം പ്രസിഡന്റ് സമർപ്പിച്ച ഇ-മെയിൽ സംബന്ധിച്ച് (ഫയൽ നമ്പർ 22406/എൻ.ആർ.കെ.ഡബ്ല്യു.സി./18/നി.സെ.) | എ 1/390/18/നോർക്ക തീയതി 14-11-2018 |
| 15 | ഹോം ലോൺ മൊറട്ടോറിയത്തിന്റെ ആനുകൂല്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് ശ്രീ. രഞ്ജിത് കുമാർ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 24103/എൻ.ആർ.കെ.ഡബ്ല്യു.സി./18) | ബി1/260/18/നോർക്ക തീയതി 4-12-2018 |
| 16 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. വി. എസ്. ഷാജി സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 24105/എൻ.ആർ.കെ.ഡബ്ല്യു.സി./18/നി.സെ.) | എ 1/99/19/നോർക്ക തീയതി 6-12-2018 |
| 17 | ഭർത്താവിന്റെ മരണാനന്തരധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി രാധാമണി സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 24107/എൻ.ആർ.കെ.ഡബ്ല്യു.സി./18/നി.സെ.) | എ 1/424/18/നോർക്ക തീയതി 6-2-2018 |
| 18 | അപകടത്തിൽ പരിക്കേറ്റതിന് ചികിത്സാ ധനസഹായവും ഇൻഷ്വറൻസും ആവശ്യപ്പെട്ട് ശ്രീ. പ്രസാദ് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 24734/എൻ.ആർ.കെ.ഡബ്ല്യു.സി./18 നി.സെ.) | A1/389/18/നോർക്ക തീയതി 19-11-2018 |
| 19 | യമനിലെ മലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് പ്രവാസി ഇന്ത്യൻ വെൽഫെയർ അസോസിയേഷൻ സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽ നമ്പർ 19694/എൻ.ആർ.കെ.ഡബ്ല്യു.സി2/14/നി.സെ.) | 8477/43/14/നോർക്ക തീയതി 25-9-2018 |
| 20 | പ്രവാസിയായിരുന്നതും മരണമടഞ്ഞതുമായ മകന് ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഹരിദാസ്, കോട്ടയം സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽ നമ്പർ 14526/എൻ.ആർ.കെ.ഡബ്ല്യു.സി2/17/നി.സെ.) | എ 1/419/17/നോർക്ക തീയതി 1-4-2019 |

| 1 | 2 | 3 |
|---|---|---|
| 21 | വിദേശത്ത് ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽനിന്നും ലഭിക്കാനുള്ള തുക ലഭിക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ടീന വർഗ്ഗീസ്, കാസർഗോഡ് സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 15801/എൻ.ആർ.കെ.ഡബ്ല്യൂ.സി2/17/നി.സെ.) | എ 1/431/17/നോർക്ക<br>തീയതി 3-10-2017 |
| 22 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ഓൾ ഇന്ത്യാ മലയാളി അസോസിയേഷൻ, ന്യൂഡൽഹി സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 23466/എൻ.ആർ.കെ.ഡബ്ല്യൂ.സി2/17/നി.സെ.) | ബി2/444/2017/നോർക്ക<br>തീയതി 6-2-2018 |
| 23 | സമിതി (2016-2019)-ന്റെ നാലാമത് റിപ്പോർട്ടിന്റെ അനന്തരനടപടികൾ സംബന്ധിച്ച്<br>(ഫയൽ നമ്പർ 20344/എൻ.ആർ.കെ.ഡബ്ല്യൂ.സി2/18/നി.സെ.) | 252/ബി2/18/നോർക്ക<br>തീയതി 24-5-2018 |
| 24 | പൊതുമാപ്പ് തേടി മടങ്ങിയെത്തുന്നവർക്ക് തിരിച്ചറിയൽ രേഖ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സലീം റാവുത്തർ പത്തനംതിട്ട സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 24106/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2018/നി.സെ.) | റഫറൻസ് ഇല്ല |
| 25 | ലോണുകൾ ലഭ്യമാക്കുന്നതിൽ ബാങ്കുകൾ കാണിക്കുന്ന വിമുഖത സംബന്ധിച്ച് ശ്രീ. സ്കറിയാ ജോസഫ്, പത്തനംതിട്ട സമർപ്പിച്ച ഹർജി സംബന്ധിച്ച്<br>(ഫയൽ നമ്പർ 24110/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2018/നി.സെ.) | എ 2/372/2018/നോർക്ക<br>തീയതി 4-1-2019 |

## തദ്ദേശസ്വയംഭരണവകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | പ്രവാസികളുടെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് ശ്രീ. റ്റി. എച്ച്. കുഞ്ഞാലി സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 17438/എൻ.ആർ.കെ.ഡബ്ല്യു.സി/11/നി.സെ.) | 51941/ഡിഎ 3/14/ ത.സ്വ.ഭ.വ. തീയതി 19-8-2014 |
| 2 | സമിതി(2014-2016)-യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സംബന്ധിച്ച് (ഫയൽ നമ്പർ 15936/എൻ.ആർ.കെ.ഡബ്ല്യു.സി/16/നി.സെ.) | |
| 3 | വിവിധ ക്ഷേമപദ്ധതികൾ ലഭ്യമാക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. കെ. പവിത്രൻ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23472/എൻ.ആർ.കെ.ഡബ്ല്യു.സി/ 17/നി.സെ.) | |
| 4 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. കെ. രാജേന്ദ്രൻ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 15797/എൻ.ആർ.കെ.ഡബ്ല്യു.സി12/2018) | LSGD-DB1/496/ 2018/LSGD. തീയതി 28-3-2019 |

## ഗതാഗത വകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | 2 | 3 |
| 1 | പ്രവാസികളുടെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് ശ്രീ. പി. ഡി. ജയപ്രകാശ്, മുംബൈ സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽ നമ്പർ 20819/എൻ.ആർ.കെ.ഡബ്ല്യു.സി/ 16/നി.സെ.) | എ 2/515/2018/ഗതാ. തീയതി 7-11-2018 |
| 2 | പ്രവാസി ക്ഷേമം സംബന്ധിച്ച സമിതി (2016-2019) ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് (ഫയൽ നമ്പർ 19100/എൻ.ആർ.കെ.ഡബ്ല്യു.സി/16/ നി.സെ.) | D2/367/17/TRANS തീയതി 27-6-2017 |
| 3 | ഗതാഗതസൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. ആർ. വി. ആചാരി സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23465/എൻ.ആർ.കെ.ഡബ്ല്യു.സി/17/നി.സെ.) | |

845/2019.

| 1 | 2 | 3 |
|---|---|---|
| 4 | സമിതി (2016-2019)യുടെ നാലാമത് റിപ്പോർട്ട് അനന്തര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് (ഫയൽ നമ്പർ 20344/എൻ.ആർ.കെ.ഡബ്ല്യു.സി2/18/നി.സെ.) | |
| 5 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. ഉമർ വിളക്കോട് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 26836/എൻ.ആർ.കെ.ഡബ്ല്യു.സി2/18/നി.സെ.) | |

## റവന്യൂ വകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | വ്യവസായ യൂണിറ്റിനായി ഭൂമി കരംതീർത്തു നല്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഡി. വിജയപ്പൻ സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽ നമ്പർ 14529/എൻ.ആർ.കെ.ഡബ്ല്യു.സി1/17/നി.സെ.) | Rev-P1/298/17/Rev. |
| 2 | വസ്തുവിന് കരം ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. യോഗീദാസൻ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 24111 എൻ.ആർ.കെ.ഡബ്ല്യു.സി1/18/നി.സെ.) | Rev./E3/139/18 തീയതി 22-12-2018 |
| 3. | വീടിനെ ആഡംബര നികുതിയിൽനിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. പി. ഹംസ, കണ്ണൂർ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 26837/എൻ.ആർ.കെ.ഡബ്ല്യു.സി2/18/നി.സെ.) | റവ./എസ്.സി2/21/19/റവ. തീയതി 18-3-2019 |

## ആഭ്യന്തര വകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | പ്രവാസികളുടെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് ശ്രീ. കുഞ്ഞുമോൻ ഹാജി സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 20588/എൻ.ആർ.കെ.ഡബ്ല്യു.സി1/18/നി.സെ.) | ആഭ്യന്തരം എം2/427/18/ആഭ്യ. |
| 2 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. കെ. രാജേന്ദ്രൻ, കാസർഗോഡ് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 15797/എൻ.ആർ.കെ.ഡബ്ല്യു.സി2/17/നി.സെ.) | ആഭ്യന്തരം ജെ1/774/2019/ആഭ്യന്തരം തീയതി 7-3-2019 |

## ഉന്നത വിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. അബ്ദുൾ ഖാദർ ടി. പി., കണ്ണൂർ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 18715/എൻ.ആർ.കെ.ഡബ്ല്യൂ.സി2/13/നി.സെ.) | 1856835/കെ/ 17/ ഉ.വി.വ. തീയതി 5-2-2018 |

## ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | പ്രവാസികളുടെ വിവിധ ആവശ്യങ്ങളുന്നയിച്ച് ശ്രീ. കെ. രാജേന്ദ്രൻ, കാസർഗോഡ് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 15797/എൻ.ആർ.കെ.ഡബ്ല്യൂ.സി2/17/നി.സെ.) | |
| 2 | വിവിധ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് ശ്രീ. ഉമർ വിളക്കോട്, കോട്ടയം സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 26836/എൻ.ആർ.കെ.ഡബ്ല്യൂ.സി2/18/നി.സെ.) | 3506308/പി.എസ്/ 2019/ ആ.കു.വ. തീയതി 29-5-2019 |

## ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | സർക്കാർ ജോലികളിൽ പ്രവാസികൾക്ക് മുൻഗണന നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. രാജു പള്ളിക്കര, കാസർഗോഡ് സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽ നമ്പർ 15799/എൻ.ആർ.കെ.ഡബ്ല്യൂ.സി2/ 17/നി.സെ.) | |

## പൊതുഭരണ സർവ്വീസസ് വകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | സമിതി (2016-2019)-യുടെ നാലാമത് റിപ്പോർട്ട് അനന്തര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് (ഫയൽ നമ്പർ 20344/എൻ.ആർ.കെ.ഡബ്ല്യു.സി2/18/നി.സെ.) | |

## നികുതി വകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| | സമിതി (2016-2019)-യുടെ നാലാമത് റിപ്പോർട്ട് അനന്തര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് (ഫയൽ നമ്പർ 20344/എൻ.ആർ.കെ.ഡബ്ല്യു.സി2/18/നി.സെ.) | |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.